"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ആലപ്പുഴ ജില്ല കുട്ടനാട് താലൂക്ക്, വെളിയനാട് വില്ലേജ്, മനാകരി വീട്ടിൽ ശ്രീമതി. രേഷ്മ എം. രാജിന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(കൈ) നം.15/2026/F&WLD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:-

1. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ 25-07-2022 - ലെ SR2-3/50028/2018- KPSC നമ്പർ നിയമന ശിപാർശ
2. M.A. (Ekm) No.2192/2022 in OA (Ekm) 1082/2022 കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14-12-2022 തീയതിയിലെ ഇടക്കാല ഉത്തരവ്
3. വനം വകുപ്പ് മേധാവിയുടെ 17-12-2022 തീയതിയിലെ D1-3800/2022 (3) നമ്പർ നടപടിക്രമം
4. OA (Ekm) 1082/2022 കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 13-03-2023 - തീയതിയിലെ ഉത്തരവ്
5. OP(KAT)No.239/2023, OP(KAT)No.247/2023 കേസുകളിന്മേലുള്ള ബഹു.കേരള ഹൈക്കോടതിയുടെ 11-08-2023 തീയതിയിലെ വിധിന്യായം
6. SLP(C)No.23535-23536/2023 കേസിന്മേലുള്ള ബഹു.സുപ്രീംകോടതിയുടെ 11-08-2023 തീയതിയിലെ വിധിന്യായം
7. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) - ന്റെ 25-10-2025 തീയതിയിലെ KFDHQ/884/2024-ADMIN/D1 നമ്പർ കത്ത്
8. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 23-01-2026 തീയതിയിലെ A8-1/28/2025/-KPSC നമ്പർ കത്ത്

**<u>ഉത്തരവ്</u>**

റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് SC/ST വിഭാഗത്തിൽ (ബി.എസ്.സി ഫോറസ്ട്രി വിഭാഗത്തിൽ) രണ്ട് ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച്, മത്സരപരീക്ഷ നടത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ ശ്രീ. എബിൻ.എം. തടത്തിലിന് ഒന്നാം റാങ്കും, ശ്രീമതി. രേഷ്മ എം. രാജിന് രണ്ടാം റാങ്കും ലഭിച്ചു. തുടർന്ന്, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ രണ്ടു പേർക്കും നിയമന ശിപാർശ

നൽകി. എന്നാൽ, ലിസ്റ്റിൽ മൂന്നാം റാങ്ക് ലഭിച്ച ശ്രീ.പ്രസാദ്.പി.എസ്., രണ്ടാം റാങ്ക് അനുവദിച്ച് നിയമനം ലഭിക്കുന്നതിനായി ബഹു. ട്രിബ്യൂണൽ മുമ്പാകെ OA(EKM) 1082/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും, ശ്രീമതി.രേഷ്മ.എം.രാജിന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നൽകിയ നിയമന ശിപാർശ ഇടക്കാല ഉത്തരവിലൂടെ ബഹു. ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുമുണ്ടായി.

2. ഇതിനെതിരായി ശ്രീമതി. രേഷ്മ.എം.രാജ് ഫയൽ ചെയ്ത MA(EKM)2192/2022 കേസിൽ, അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റം വരാം എന്ന വ്യവസ്ഥയോടെ, ടിയാൾക്ക് താത്ക്കാലിക നിയമനം നൽകുന്നതിന് ബഹു.ട്രിബ്യൂണൽ പരാമർശം (2) ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി.രേഷ്മ.എം.രാജിന് താൽക്കാലിക നിയമനം നൽകുകയും, കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം 18 മാസത്തെ റെയ്ഞ്ചേഴ്സ് ട്രെയിനിംഗിനായി പരാമർശം (3) പ്രകാരം നിയോഗിക്കുകയും ചെയ്തു.

3. ശ്രീ. പ്രസാദ്.പി.എസ് - നും, ശ്രീമതി. രേഷ്മ.എം.രാജ് - നും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റാങ്ക് നിർണ്ണയിച്ച രീതി തെറ്റാണെന്ന് വ്യക്തമാക്കിയും, അതിനനുസൃതമായി റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ - ന് നിർദ്ദേശം നൽകിയും ബഹു. ട്രിബ്യൂണൽ പരാമർശം (4) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ശ്രീമതി രേഷ്മ എം. രാജ് ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനുകളും, സ്പെഷ്യൽ ലീവ് പെറ്റീഷനുകളും യഥാക്രമം ബഹു.ഹൈക്കോടതിയും, ബഹു.സുപ്രീംകോടതിയും പരാമർശം (5), (6) എന്നിവ പ്രകാരം തള്ളുകയുണ്ടായി. തുടർന്ന്, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശ്രീമതി. രേഷ്മ.എം.രാജിന്റെ നിയമന ശിപാർശ റദ്ദ് ചെയ്യുകയും, റാങ്ക് ലിസ്റ്റ് ഭേദഗതി വരുത്തിക്കൊണ്ട് ശ്രീ. പ്രസാദ്.പി.എസ്. - ന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകുകയുമുണ്ടായി.

4. കേരള വന വകുപ്പ് 5 ലക്ഷം രൂപ ചിലവഴിച്ച് നടത്തിയ18 മാസത്തെ റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം ഹോണേഴ്സ് സർട്ടിഫിക്കറ്റോടു കൂടി വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളത് കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകിയും ശ്രീമതി. രേഷ്മ എം. രാജിന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനുവേണ്ട നടപടികൾ അനുഭാവപൂർവ്വം സ്വീകരിക്കണമെന്നും, റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഉദയസൂര്യൻ വി.ബി. -ക്ക് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനെ തുടർന്ന് ഉണ്ടാകുന്ന ഒഴിവിൽ ടിയാളെ നിയമിക്കണമെന്നും പരാമർശം (7) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) ശിപാർശ ചെയ്യുകയുണ്ടായി.

5. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ ഫലമായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവിൽ ജനറൽ റിക്രൂട്ട്മെന്റ് മുഖേനയാണ് നിയമനം നടത്തേണ്ടതെന്നും, ശ്രീമതി. രേഷ്മ എം. രാജിന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്ന പക്ഷം, സർക്കാരിന്റെ പ്രത്യേക വിവേചന അധികാരം പ്രയോഗിച്ച് ആയതിനുള്ള തസ്തിക സൃഷ്ടിച്ച് ടിയാൾക്ക് നിയമനം നൽകുന്നതിന് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും പരാമർശം (8) പ്രകാരം കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അറിയിക്കുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. OA(EKM) 1082/2022 നമ്പർ കേസിലെ പരാമർശം (4) ഉത്തരവിനെത്തുടർന്നാണ് ശ്രീമതി. രേഷ്മ എം. രാജിന്റെ നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ റദ്ദ് ചെയ്തത്. മറ്റു പരീക്ഷകളിലും ഇതേ രീതി തന്നെയാണ് റാങ്ക്

ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അവലംബിച്ചിരുന്നത് എന്ന് പ്രസ്തുത കേസിൽ കേരള പബ്ലിക് സർവീസ് കമ്മീഷൻ വ്യക്തമാക്കിയിരുന്നു. അന്തിമ വിധി വരുന്നതിനിടയ്ക്കുള്ള കാലയളവിൽ 18 മാസത്തെ റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം ഹോണേഴ്സ് സർട്ടിഫിക്കറ്റോടു കൂടി ശ്രീമതി. രേഷ്മ എം. രാജ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ടി കാര്യങ്ങൾ പരിഗണിക്കുമ്പോൾ, കേരള പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ച രീതിയിൽ വന്ന മാറ്റം ആണ് നിയമനം റദ്ദാക്കുന്നതിന് കാരണമായത്. ടിയാളുടെ ഭാഗത്ത് ഇക്കാര്യത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടില്ല.

7. മേൽ സാഹചര്യത്തിൽ, ശ്രീമതി രേഷ്മ എം. രാജിന്റെ പ്രായം, റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം പൂർത്തീകരിച്ചിട്ടുള്ള വസ്തുത, ടിയാൾ ഉൾപ്പെടുന്ന കമ്മ്യൂണിറ്റിയും അതിന്റെ സാമൂഹിക പശ്ചാത്തലവും, നിയമനം ലഭിക്കുമെന്ന ടിയാളുടെ ന്യായമായ പ്രതീക്ഷ എന്നിവ പരിഗണിച്ച്, കെ.എസ്. & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച്, ശ്രീമതി രേഷ്മ എം. രാജിന് ടിയാൾ വിരമിക്കുകയോ മറ്റെന്തെങ്കിലും സാഹചര്യത്തിലോ തസ്തിക ഒഴിയുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകി സർക്കാർ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിൻഹാജ് അലം ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീമതി. രേഷ്മ എം. രാജ്, മനാകരി വീട്, വെളിയനാട് വില്ലേജ്, കുട്ടനാട് താലൂക്ക്, ആലപ്പുഴ . [ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & HoFF മുഖേന ].
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം ).
പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് & HoFF, തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഡ്മിൻ), തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം .
പൊതുഭരണ (എസ്.സി) വകുപ്പ് ( ഇനം നം:3999 തീയതി 14-03-2026).
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് (ADV-A3/66/2026-PandARD തീയതി: 27-02-2026).
നിയമ(ഉപദേശഡി)വകുപ്പ്OPN-D2/241/2025-LAWതീയതി: 31/12/2025
ധനകാര്യ വകുപ്പ് (Agri-A2/33/2026-FIN (E -3421411) തീയതി: 06-03-2026).
വെബ് & ന്യൂ മീഡിയ, ഐ&പി.ആർ.ഡി., സെക്രട്ടേറിയറ്റ് (പ്രസിദ്ധീകരണത്തിനായി).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 15-03-2026 13:57:46
സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.വനം വന്യജീവി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ — യ്ക്ക്.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 14-03-2026**

ഫയൽ നം. എഫ്1/235/2025/വനം. ഇനം നം: 3999

വിഷയം : വനം-വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. രേഷ്മ എം രാജ് - വ്യവസ്ഥകൾക്കു വിധേയമായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

4
15/3
AS

3999

**കേരള സർക്കാർ**

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | എഫ്1/235/2025/വനം |
| 2 | വകുപ്പ് | വനം വന്യജീവി (എഫ്) വകുപ്പ് |
| 3 | വിഷയം | വനം - വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. രേഷ്മ എം.രാജ് - വ്യവസ്ഥകൾക്ക് വിധേയമായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12-03-2026 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തികബാദ്ധ്യതയുള്ളതാണെങ്കിൽ ധനവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | അതെ.<br>ഉണ്ട്.<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്. നിയമവകുപ്പ്, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്<br>ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. സൂസൻ ഗോപി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. മിൻഹാജ് ആലം |
| 9 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13-03-2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 13-03-2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ. ശശീന്ദ്രൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 14-03-2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 14-03-2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ആലപ്പുഴ ജില്ലാ കുട്ടനാട് താലൂക്ക്, വെളിയനാട് വില്ലേജ്, മനാകരി വീട്ടിൽ ശ്രീമതി. രേഷ്മ എം. രാജിന്, ടിയാൾ വിരമിക്കുകയോ മറ്റെന്തെങ്കിലും സാഹചര്യത്തിലോ തസ്തിക ഒഴിയുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് SC/ST വിഭാഗത്തിൽ (ബി.എസ്.സി ഫോറസ്ട്രി വിഭാഗത്തിൽ) രണ്ട് ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച്, മത്സരപരീക്ഷ നടത്തി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിൽ ശ്രീ. എബിൻ.എം. തടത്തിലിന് ഒന്നാം റാങ്കും, ശ്രീമതി. രേഷ്മ എം. രാജിന് രണ്ടാം റാങ്കും ലഭിക്കുകയുണ്ടായി. തുടർന്ന്, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ രണ്ടു പേർക്കും നിയമന ശിപാർശ നൽകിയിരുന്നു. എന്നാൽ, ലിസ്റ്റിൽ മൂന്നാം റാങ്ക് ലഭിച്ച ശ്രീ. പ്രസാദ്.പി.എസ്., രണ്ടാം റാങ്ക് അനുവദിച്ച് നിയമനം ലഭിക്കുന്നതിനായി ബഹു. ട്രിബ്യൂണൽ മുമ്പാകെ OA(EKM) 1082/2022 നമ്പർ കേസ് ഫയൽ ചെയ്യുകയും, ശ്രീമതി. രേഷ്മ.എം.രാജിന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നൽകിയ നിയമന ശിപാർശ ഇടക്കാല ഉത്തരവിലൂടെ ബഹു. ട്രിബ്യൂണൽ സ്റ്റേ ചെയ്യുകയുമുണ്ടായി.

3. ഇതിനെതിരായി ശ്രീമതി. രേഷ്മ.എം.രാജ് ഫയൽ ചെയ്ത MA(EKM)2192/2022 കേസിൽ, അന്തിമ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റം വരാം എന്ന വ്യവസ്ഥയോടെ, ടിയാൾക്ക് താത്ക്കാലിക നിയമനം നൽകുന്നതിന് ബഹു.ട്രിബ്യൂണൽ 14-12-2022 തീയതിയായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രേഷ്മ.എം.രാജിന് താൽക്കാലിക നിയമനം നൽകുകയും, കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരം 18 മാസത്തെ റെയ്ഞ്ചേഴ്സ് ട്രെയിനിംഗിനായി നിയോഗിക്കുകയും ചെയ്തു.

4. ശ്രീ. പ്രസാദ്.പി.എസ് - നും, ശ്രീമതി. രേഷ്മ.എം.രാജിനും പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റാങ്ക് നിർണ്ണയിച്ച രീതി തെറ്റാണെന്ന് വ്യക്തമാക്കിയും, അതിനനുസൃതമായി റാങ്ക് ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ - ന് നിർദ്ദേശം നൽകിയും 13-03-2023 തീയതിയായി OA(EKM) 1082/2022

കേസിൽ ബഹു. ട്രിബ്യൂണൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചു. ബഹു.ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ശ്രീമതി രേഷ്മ എം. രാജ് ഫയൽ ചെയ്ത അപ്പീൽ പെറ്റീഷനുകളും, സ്പെഷ്യൽ ലീവ് പെറ്റീഷനുകളും യഥാക്രമം ബഹു.ഹൈക്കോടതിയും, ബഹു.സുപ്രീംകോടതിയും തള്ളുകയുണ്ടായി. തുടർന്ന്, പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ശ്രീമതി. രേഷ്മ.എം.രാജിന്റെ നിയമന ശിപാർശ റദ്ദ് ചെയ്യുകയും, റാങ്ക് ലിസ്റ്റ് ഭേദഗതി വരുത്തിക്കൊണ്ട് ശ്രീ. പ്രസാദ്.പി.എസ്. - ന് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമന ശിപാർശ നൽകുകയുമുണ്ടായി.

5. കേരള വന വകുപ്പ് 5 ലക്ഷം രൂപ ചിലവഴിച്ച് നടത്തിയ 18 മാസത്തെ റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം ഹോണേഴ്സ് സർട്ടിഫിക്കറ്റോടു കൂടി വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളത് കണക്കിലെടുത്തും, മാനുഷിക പരിഗണന നൽകിയും ശ്രീമതി. രേഷ്മ എം. രാജ് എന്ന ഉദ്യോഗാർത്ഥിക്ക് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിനുവേണ്ട നടപടികൾ അനുഭാവപൂർവ്വം സ്വീകരിക്കണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) ശിപാർശ ചെയ്യുകയുണ്ടായി. കൂടാതെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ. ഉദയസൂര്യൻ വി.ബി. -ക്ക് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനെ തുടർന്ന് ഉണ്ടാകുന്ന ഒഴിവിൽ ശ്രീമതി. രേഷ്മ.എം. രാജിനെ നിയമിക്കുന്നതിനും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ ) ശിപാർശ ചെയ്തു.

6. ഈ വിഷയത്തിൽ നിയമവകുപ്പിന്റെയും, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെയും അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായത് പ്രകാരം നിയമവകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

*"കേരള വന വകുപ്പ് 5 ലക്ഷം രൂപ ചിലവഴിച്ച് നടത്തിയ 18 മാസത്തെ റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം ഹോണേഴ്സ് സർട്ടിഫിക്കറ്റോടു കൂടി വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളത് കണക്കിലെടുത്തും മാനുഷിക പരിഗണന നൽകിയും Natural Justice ന് വിധേയമായും ശ്രീമതി. രേഷ്മ എം രാജ് എന്ന ഉദ്യോഗാർത്ഥിക്ക് വനം വകുപ്പിലെ RFO ശ്രീ. ഉദയസൂര്യൻ വി.ബി. -ക്ക് ACF തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിനെ തുടർന്ന് ഉണ്ടാകുന്ന ഒഴിവിൽ ( 01-11-2025 - ൽ ) RFO തസ്തികയിൽ നിയമനം നൽകുന്നതിനുവേണ്ട നടപടികൾ അനുഭാവപൂർവ്വം സ്വീകരിക്കണമെന്ന് ശിപാർശയിൽ ബഹു. മുഖ്യമന്ത്രിയുടെ പ്രത്യേക അധികാരപ്രകാരം റൂൾ 39 പ്രകാരം നൽകിയ ശിപാർശയിൽ അംഗീകാരത്തിനായി ചീഫ് സെക്രട്ടറി, ബഹു. വനം-വന്യജീവി വകുപ്പ് മന്ത്രി മുഖാന്തിരം*

ബഹു.മുഖ്യമന്ത്രിക്ക് ഉത്തരവിനായി സമർപ്പിച്ച ഫയലിൽ KPSC യുടെ തീരുമാനം ബഹു കോടതിവിധികളുടെ അടിസ്ഥാനത്തിൽ ആയതിനാൽ മേൽ നിർദേശം പരിഗണിക്കാൻ കഴിയില്ല, എന്നിരുന്നാലും നിയമ വകുപ്പിന്റെയും PSC യുടെയും അഭിപ്രായം സഹിതം ഫയൽ സമർപ്പിക്കുക എന്ന ബഹു ചീഫ് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫയൽ അഭിപ്രായത്തിനായി ലഭ്യമാക്കിയിരിക്കുന്നു.

Ashok Kumar Uppal & Ors vs State Of J & K And Ors on 14 January, 1998 (1998) 2 SCT 287, (1998) 2 SCJ 89 എന്ന കേസിൽ J.C. Yadav and others vs. State of Haryana and others, Sandeep Kumar Sharma vs. State of Punjab and others എന്നീ വിധിന്യായങ്ങൾ ഉദ്ധരിച്ച്, ബഹു സുപ്രീംകോടതി ചട്ടത്തിൽ ഇളവ് നൽകാനുള്ള സർക്കാരിന്റെ അധികാരം എപ്രകാരമാണ് വിനിയോഗിക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

*J.C. Yadav and others vs. State of Haryana and others, (1990) SCC 189*

*"The relaxation of the rules may be to the extent the State Government may consider necessary for dealing with a particular situation in a just and equitable manner. The scope of rule is wide enough to confer power on the State Government to relax the requirement of rules in respect of an individual or class of individuals to the extent it may consider necessary for dealing with the case in a just and equitable manner. The power of relaxation is generally contained in the Rules with a view to mitigate undue hardship or to meet a particular situation. Many a time strict application of service rules create a situation where a particular individual or a set of individuals may suffer undue hardship and further there may be a situation where requisite qualified persons may not be available for appointment to the service. In such a situation the government has power to relax requirement of rules. The State Government may in exercise of its powers issue a general order relaxing any particular rule with a view to avail the services of requisite officer.*

*Sandeep Kumar Sharma vs. State of Punjab and others, (1997) 10 SCC 298*

*"The power of relaxation even if generally included in the service rules could either be for the purpose of mitigating hardships or to meet special and deserving situation. Such rule must be construed liberally, according to the learned Judges. Of course arbitrary exercise of such poor must be guarded against. But a narrow construction is likely to deny benefit to the really deserving case. We too are of the*

*view that the rule of relaxation must get a pragmatic construction so as to achieve effective implementation of a good policy of the Government."*

Sajeev N,Senior Tax Assistant vs Anumol P.S[2024:KER:96532] എന്ന വിധിന്യായത്തിലും പ്രസ്തുത വിഷയം ബഹു കോടതി പരിശോധിച്ചിട്ടുള്ളതാണ്.

*"20. Ordinarily, therefore, it is not expected that the power under R.39 should be resorted to merely for the purpose of getting round the provision contained in any of the general rules or special rules. R.39 is to be invoked only to meet exceptional situations where gross injustice or inequity is seen to result from the application of the rules in all their rigour. In such cases and such cases alone, R.39 empowers the designated authority to mete out equity and justice by passing appropriate orders in relaxation of the provisions of the rules concerned ...... We have also indicated that in rare and exceptional cases where there are valid grounds for a reasonable classification, it is permissible under R.39 to accord a special treatment by granting a partial or even total relaxation of a substantive provision contained rules."*

OA(EKM) 1082/2022 നമ്പർ കേസിലെ ഉത്തരവിനെത്തുടർന്നാണ് ശ്രീമതി. രേഷ്മ എം രാജിന്റെ നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷൻ റദ്ദ ചെയ്തത്. പ്രസ്തുത കേസിൽ മറ്റു പരീക്ഷകളിലും ഇതേ രീതി തന്നെയാണ് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് അവലംബിച്ചിരുന്നത് എന്ന് കേരള പബ്ലിക് സർവീസ് കമ്മീഷൻ വ്യക്തമാക്കിയിരുന്നു. പ്രതിപാദ്യ വിഷയത്തിൽ അന്തിമ വിധി വരുന്നതിനിടക്കുള്ള കാലയളവിൽ 18 മാസത്തെ റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം ഹോണേഴ്സ് സർട്ടിഫിക്കറ്റോടു കൂടി ശ്രീമതി. രേഷ്മ എം രാജ് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട് എന്നും ഭരണവകുപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. മേൽ വിഷയങ്ങൾ പരിശോധിക്കുമ്പോൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ച രീതിയിൽ വന്ന മാറ്റം ആണ് നിയമനം റദ്ദാക്കുന്നതിന് കാരണമായത്. ഹർജിക്കാരി പരിശീലനത്തിൽ പങ്കെടുത്തതും ഹോണേഴ്സ് സർട്ടിഫിക്കറ്റോടുകൂടി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത് കണക്കിലെടുത്തും സ്വന്തം ഭാഗത്ത് വീഴ്ചകൾ ഇല്ലാത്തതിനാലും നിലവിലുള്ള മെറിറ്റ് ലിസ്റ്റിനെയോ അതുപ്രകാരം നടത്തിയ നിയമനങ്ങളെയോ ബാധിക്കാത്ത വിധം കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവീസ് റൂൾസിലെ റൂൾ 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ശ്രീമതി രേഷ്മ എം. രാജിന്റെ നിയമന കാര്യത്തിൽ സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്. ടിയാളുടെ

*പ്രായം, റെയ്ഞ്ചേഴ്സ് കോഴ്സ് പരിശീലനം പൂർത്തീകരിച്ച എന്ന വസ്തുത,ടിയാൾ ഉൾപ്പെടുന്ന community, ആയതിന്റെ സാമൂഹിക പശ്ചാത്തലം, Legitimate Expectation എന്നിവ പരിഗണിച്ച KS&SSR റൂൾ 39 പ്രകാരം നിയമനം നൽകുന്നത് സംബന്ധിച്ച ഭരണവകുപ്പിനു തീരുമാനം കൈകൊള്ളാവുന്നതാണ്."*

7. ഈ വിഷയത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടിയപ്പോൾ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചതിന്റെ ഫലമായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവിൽ ജനറൽ റിക്രൂട്ട്മെന്റ് മുഖേനയാണ് നിയമനം നടത്തേണ്ടതെന്നും, ശ്രീമതി. രേഷ്മ എം. രാജിന് റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്ന പക്ഷം, സർക്കാരിന്റെ പ്രത്യേക വിവേചന അധികാരം പ്രയോഗിച്ച് ആയതിനുള്ള തസ്തിക സൃഷ്ടിച്ച് ടിയാൾക്ക് നിയമനം നൽകുന്നതിന് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി.

8. നിയമവകുപ്പിന്റെയും, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെയും അഭിപ്രായങ്ങൾ പരിഗണിച്ച്, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (അഡ്മിൻ) സമർപ്പിച്ച ശിപാർശ അംഗീകരിക്കുന്നതിനായി ഫയൽ സമർപ്പിച്ചപ്പോൾ, സ്ഥാനക്കയറ്റത്തിന്റെ ഫലമായി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവ് പബ്ലിക്ക് സർവ്വീസ് കമ്മീഷൻ മുഖേന മാത്രമേ നികത്താൻ കഴിയുകയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതിനാൽ പുതിയ തസ്തിക സൃഷ്ടിക്കാൻ കഴിയുമോ എന്ന് ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കാൻ ചീഫ് സെക്രട്ടറി ഉത്തരവിട്ടു.

9. ഇക്കാര്യത്തിൽ ധനവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"വനം, വന്യജീവി വകുപ്പിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലേയ്ക്ക് SC/ST കാറ്റഗറിയിൽ (ബി.എസ്.സി ഫോറസ്ട്രി വിഭാഗത്തിൽ) രണ്ട് ഒഴിവുകളിലേയ്ക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന KPSC നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുയും കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റിൽ നിലവിൽ 3-ാമതായി ഉൾപ്പെട്ട ശ്രീമതി രേഷ്മ എം രാജിനെ നിയമിക്കുന്നതിനായി പുതിയ തസ്തിക സൃഷ്ടിക്കാൻ കഴിയുമോ എന്ന് ധനകാര്യ വകുപ്പുമായി കൂടിയാലോചിക്കുക എന്ന ചീഫ് സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഭരണ വകുപ്പിനെ അറിയിക്കുന്നു.*

FWLD-F1/235/2025-FWLD നം. ഭരണ വകുപ്പ് ഫയലിലെ നോട്ട് 27 ലെ 3, 4 ഖണ്ഡികകളിൽ ചൂണ്ടിക്കാണിച്ച വസ്തുതകളുടെയും തസ്തിക സൃഷ്ടിച്ചാലുണ്ടാകുന്ന സാമ്പത്തിക ബാധ്യതയുടെയും നിലവിലെ കോടതി ഉത്തരവുകളുടെയും വെളിച്ചത്തിൽ ശ്രീമതി. രേഷ്മ എം. രാജിന് KS&SSR റൂൾ 39 പ്രകാരം റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നല്കാവുന്നതാണോ എന്ന അഭിപ്രായത്തിനായും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമനവുമായി ബന്ധപ്പെട്ട വിഷയമെന്നതിനാൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കേണ്ടതുണ്ടെങ്കിൽ പാലിക്കേണ്ട വ്യവസ്ഥകൾ സംബന്ധിച്ചുള്ള അഭിപ്രായത്തിനായും ഫയൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിമാർക്സ് സഹിതം ലഭ്യമാക്കാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിക്കുന്നു".

10. ധനവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം തേടിയപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അറിയിച്ചു.

"റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ച രീതിയിലെ മാറ്റം ശ്രീമതി. രേഷ്മ എം. രാജിന്റെ നിയമനം റദ്ദാക്കുന്നതിന് കാരണമായതും ഹർജ്ജിക്കാരി പരിശീലനത്തിൽ പങ്കെടുത്തതും ഹോണേഴ്സ് സർട്ടിഫിക്കറ്റോടുകൂടി പരിശീലനം പൂർത്തിയാക്കിയിട്ടുള്ളത് കണക്കിലെടുത്തും, സ്വന്തം ഭാഗത്ത് വീഴ്ചകൾ ഇല്ലാത്തതിനാലും, KS&SSR റൂൾ 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ശ്രീമതി രേഷ്മ എം. രാജിന്റെ നിയമന കാര്യത്തിൽ സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ് Note # 19 -ൽ നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ, റെയിഞ്ചേഴ്സ് കോഴ്സ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളത് കണക്കിലെടുത്തും മാനുഷിക പരിഗണന നല്കിയും ശ്രീമതി രേഷ്മ എം. രാജിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന പക്ഷം, സർക്കാരിന്റെ പ്രത്യേക വിവേചനാധികാരം പ്രയോഗിച്ച് ആയതിനുള്ള തസ്തിക സൃഷ്ടിച്ച് ടിയാൾക്ക് നിയമനം നൽകുന്നതിന് ഉചിതമായ നടപടി സ്വീകരിക്കാവുന്നതാണ് എന്ന് 23.01.2026 തീയതിയിലെ കത്തിൽ കേരള പി.എസ്.സിയും അഭിപ്രായപ്പെട്ടിരുന്നു.

പി.എസ്.സിയുടെയും നിയമ വകുപ്പിന്റെയും അഭിപ്രായം കണക്കിലെടുത്ത് ശ്രീമതി രേഷ്മ എം. രാജിന് KS&SSR റൂൾ 39 പ്രയോഗിച്ച്, ടിയാൾ വിരമിക്കുകയോ മറ്റേതെങ്കിലും സാഹചര്യത്തിലോ തസ്തിക ഒഴിയുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാൾക്ക് നിയമനം നൽകുന്നതിനോട് ഈ വകുപ്പിന് എതിർപ്പില്ല

എന്നറിയിക്കുന്നു. കൂടാതെ, കെ.എസ്&എസ്.എസ്.ആർ ഭാഗം - II, ചട്ടം 39 പ്രകാരമുള്ള വിശേഷാൽ അധികാരം പ്രയോഗിക്കുന്ന വിഷയത്തിൽ ഭരണ വകുപ്പിന്റെ ശ്രദ്ധ, Circular No.131867/Rules/72/PD dated 14/9/1973, No. 76016/Rules-1/76/PD dated 20/07/1976 and No.98995/Rules-1/82/GAD dated 15/01/1983 എന്നീ സർക്കുലറുകളിലെ വ്യവസ്ഥകളിലേക്കു കൂടി ക്ഷണിക്കുന്നു.

ശ്രീമതി രേഷ്മ എം. രാജിന് റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിയമനം നല്കുന്ന വിഷയമാണ് ഈ ഘട്ടത്തിൽ പ്രധാനമായും പരിഗണിക്കുന്നത് എന്നതിനാൽ മേൽ പരാമർശിച്ച പ്രകാരം ടിയാൾക്ക് നിയമനം നല്കിയതിനു ശേഷം മറ്റു സർവ്വീസ് വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായി പരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്ത് അനുബന്ധ ഉത്തരവ് ഭരണ വകുപ്പിന് പിന്നീട് പുറപ്പെടുവിക്കാവുന്നതാണ് എന്നറിയിക്കുന്നു".

11. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായം സഹിതം ഫയൽ ധനവകുപ്പിന്റെ അഭിപ്രായത്തിനായി പുനഃ സമർപ്പിച്ചപ്പോൾ ധനവകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

"ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. രേഷ്മ എം. രാജിന് Ks & SSR റൂൾ 39 പ്രകാരം ടിയാൾ വിരമിക്കുകയോ മറ്റെന്തെങ്കിലും സാഹചര്യത്തിലോ തസ്തിക ഒഴിയുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുന്നു. കൂടാതെ ടിയാൾക്ക് നിയമനം നൽകിയതിനു ശേഷം മറ്റ് സർവ്വീസ് വ്യവസ്ഥകൾ സംബന്ധിച്ച് വിശദമായി പരിശോധന നടത്തി ഉചിതമായ തീരുമാനമെടുത്ത് അനുബന്ധ ഉത്തരവ് ഭരണ വകുപ്പ് പുറപ്പെടുവിക്കേണ്ടതാണെന്നുള്ള പി.& എ.ആർ.ഡി-യുടെ നിർദ്ദേശം കൂടി പാലിക്കേണ്ടതാണെന്നും ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഇതിന് ബഹു. ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്. "

12. മേൽ സാഹചര്യത്തിൽ, കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ശ്രീമതി. രേഷ്മ എം. രാജിന്, ടിയാൾ വിരമിക്കുകയോ മറ്റെന്തെങ്കിലും സാഹചര്യത്തിലോ തസ്തിക ഒഴിയുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണോ എന്നതിൽ ഉത്തരവിനായി ഫയൽ ബഹു.വനം വന്യജീവി വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക്

സമർപ്പിച്ചപ്പോൾ ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കെ.എസ് & എസ്.എസ്.ആർ ഭാഗം II ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ സവിശേഷ അധികാരം വിനിയോഗിച്ച് ശ്രീമതി. രേഷ്മ എം. രാജിന്, ടിയാൾ വിരമിക്കുകയോ മറ്റെന്തെങ്കിലും സാഹചര്യത്തിലോ തസ്തിക ഒഴിയുമ്പോൾ ഇല്ലാതാകുമെന്ന വ്യവസ്ഥയിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകാവുന്നതാണോ?